# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എടിഎസ്ആർ(പി9)1837/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എടിഎസ്ആർ(പി9)1837/2023 തീയ്യതി: 16/12/2023

## തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 27-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2023 | 15-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2023 | 15-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എൽ. അഗസ്റ്റിൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ഹണി കെ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഇ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അനീറ്റ ഡൊമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീദേവി ജയരാജൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| വേണുഗോപാൽ | സെക്രട്ടറി | 01-04-2022 | 09-10-2022 |
| സൂര്യകുമാരി എസ് | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജി കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| വിജിത കെ. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| റിസമോൾ സൈമൺ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. രശ്മി എം. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ജ്യോൽസ്ന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-05-2022 |
| ഡോ. പ്രവീൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2022 | 31-01-2023 |
| ഡോ. പ്രിയ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-02-2023 | 31-03-2023 |
| ശാലിനി കെ. എസ്. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 28-02-2023 |
| ജെയ്സി കെ. കെ. | ഹെഡ് മിസ്ട്രസ്സ് | 01-03-2023 | 31-03-2023 |
| സോഫിയ സി. ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പറമ്പന്തള്ളി സർക്കിൾ) | 01-04-2022 | 19-05-2022 |
| ഷിജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പറമ്പന്തള്ളി സർക്കിൾ) | 20-05-2022 | 22-05-2022 |
| ബൈജു വിൻസെന്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പറമ്പന്തള്ളി സർക്കിൾ) | 23-05-2022 | 13-09-2022 |
| ധന്യ എം. വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പറമ്പന്തള്ളി സർക്കിൾ) | 14-09-2022 | 31-03-2023 |
| ഷിജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുല്ലശ്ശേരി സർക്കിൾ) | 01-04-2022 | 07-06-2022 |
| ബൈജു വിൻസെന്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുല്ലശ്ശേരി സർക്കിൾ) | 08-06-2022 | 24-07-2022 |
| പ്രകാശൻ ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുല്ലശ്ശേരി സർക്കിൾ) | 25-07-2022 | 31-03-2023 |
| മോനിഷ എം. എം. | ഡയറി ഡെവലപ്പ്മെന്റ് ഓഫീസർ | 01-04-2022 | 19-01-2023 |
| ഗിനിക പി. ജി. | ഡയറി ഡെവലപ്പ്മെന്റ് ഓഫീസർ | 20-01-2023 | 31-03-2023 |
| റാഹില എം. എം. | ഐ.സി.ഡി.എസ് | 01-04-2022 | 15-06-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ആരതി കൃഷ്ണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-06-2022 | 31-03-2023 |
| ഡോ. രാമചന്ദ്രൻ എം. എ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-10-2022 |
| ഡോ. അഞ്ജലി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-11-2022 | 31-03-2023 |
| ഡോ. അനീഷ് കുമാർ എസ്. ബി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-3 |
| 5 | ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക പരിശോധിക്കേണ്ടതാണ് | 1-1-4 |
| 6 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല | 1-1-5 |
| 7 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതി-തൻവർഷം-നോൺ–റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി-തൻവർഷം-സർവീസ് സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വസ്തു നികുതി-കുടിശ്ശിക-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | വസ്തു നികുതി-കുടിശ്ശിക-നോൺ–റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ലൈബ്രറി സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ച തുകകളും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-15 |
| 17 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-16 |
| 18 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-18 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-19 |
| 21 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-20 |
| 22 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-21 |
| 23 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-22 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല | 1-1-23 |
| 25 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-24 |
| 26 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-25 |
| 27 | ഇൻവെസ്റ്റ്മെന്റ് രേഖകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-26 |
| 28 | Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം | 1-1-27 |
| 29 | ലേലം വരവ് -Auction Deposit എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-28 |
| 30 | വാർഷിക കണക്ക് പ്രകാരം ചെലവ് വന്നിട്ടുള്ള പ്രോജക്റ്റ് സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കലും ചെലവും വന്നിട്ടില്ല | 1-1-29 |
| 31 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 32 | ഫണ്ട് വിനിയോഗം | 1-3 |
| 33 | പദ്ധതി അവലോകനം | 1-4 |
| 34 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 35 | ക്ഷേമപെൻഷനുകൾ | 1-6 |
| 36 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 37 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 38 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 39 | തൊഴിൽ നികുതി -അപാകങ്ങൾ | 1-10 |
| 40 | കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 41 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-12 |
| 42 | ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തി | 1-13 |
| 43 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-14 |
| 44 | പഞ്ചായത്ത് ലൈബ്രറി- രസീത് ബുക്കുകളും കളക്ഷൻ രജിസ്റ്ററുകളും ലഭ്യമാക്കേണ്ടതാണ് | 1-15 |
| 45 | FTEAOS ലൈസൻസ് - അപാകങ്ങൾ | 1-16 |
| 46 | പാരാമെഡിക്കൽ രജിസ്ട്രേഷൻ/പുതുക്കൽ ഫീസ് ഈടാക്കിയിട്ടില്ല | 1-17 |
| 47 | ബൈലോകൾ തയ്യാറാക്കേണ്ടതും ആധികാരികരേഖയായി സൂക്ഷിക്കേണ്ടതുമാണ് | 1-18 |
| 48 | ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകി | 1-19 |
| 49 | ലാപ്പ്ടോപ്പ് കൈമാറിയിട്ടില്ല - 83316 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 50 | ഹരിതകർമ്മസേനക്കായി വാങ്ങിയ വാഹനം കൈമാറിയിട്ടില്ല - 2,32,250രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 51 | തെരുവ് വിളക്ക് എ എം സി -- അടിസ്ഥാനരേഖകൾ ഇല്ല | 1-22 |
| 52 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് -- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല; 28457 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 53 | ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 54 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 55 | ബാലസഭ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ചെലവഴിച്ച 35000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 56 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് --വ്യത്യസ്ത നിരക്കിൽ വാങ്ങലുകൾ നടത്തി | 1-27 |
| 57 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം- ബാക്കി തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് - 29559 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 58 | പാലിയേറ്റിവ് കെയർ ചെലവിനാധാരമായ ബില്ലുകളുടെ കുറവ് - 17100 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-29 |
| 59 | കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ് | 1-30 |
| 60 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം | 1-31 |
| 61 | അനുപൂരക പോഷകാഹാരം- ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല | 1-32 |
| 62 | ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിക്കുന്നതിൽ കാലതാമസം. | 1-33 |
| 63 | യോഗ പരിശീലകർക്കുള്ള വേതനം രേഖകൾ /ബിൽ ഹാജരാക്കിയിട്ടില്ല | 1-34 |
| 64 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് - രണ്ടാം ഘട്ട സർവ്വെ മാപ്പ് എന്നിവ പൂർത്തിയായിട്ടില്ല. | 1-35 |
| 65 | രേഖകൾ ഹാജരാക്കാത്തതിനാൽ 105900/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---



| | | |
|---|---|---|
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.07.2023 ലെ 3-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 16.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).
(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4686619/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6309192/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-3 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല

താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Credited By Bank" എന്ന ഇനത്തിലെ തുകയും കൂടി ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | Directly Credited By Bank |
|---|---|---|
| 1 | UNION BANK OF INDIA MULLASSERY (551102010011964) | 419 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

(ഓഡിറ്റ് എൻക്വയറി നം.32/15.11.2023)

## 1-1-4 ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക പരിശോധിക്കേണ്ടതാണ്

താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Debited By Bank" എന്ന ഇനത്തിലെ തുകയും കൂടി ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | Directly Debited By Bank |
|---|---|---|
| 1 | STATE BANK OF INDIA MULLASSERY (67291248420) | 31460 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.32/15.11.2023)

## 1-1-5 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല

STATE BANK OF INDIA MULLASSERY E-payment (37177287920) എന്ന അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Deposited But Not Credited എന്നയിനത്തിൽ കാണുന്ന ഡെപ്പോസിറ്റ് ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടുള്ള 137/- രൂപയുടെ ചെക്കുകൾ ഉണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.32/15.11.2023)

### 1-1-6 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

CFC Untied Basic Grant എന്ന ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 71/23 Veterinary Subcentre Compound Wall And Toilet Construction At Mullassery Grama Panchayath | 42200707/ 21.10.2022 | 193236 | 251130001 – Sanitation And Waste Management (Individual)- Toilet Construction | ഉചിതമായ ആസ്തി ശീർഷകം. | CFC Untied Basic Grant |
| 2 | 81/23 Parambanthali Parappadam Road At Mullassery Grama Panchayath | 42201228/ 29.03.2023 | 860600 | 252110004 Roads-Concreting | ഉചിതമായ ആസ്തി ശീർഷകം | |

(ഓഡിറ്റ് എൻക്വയറി നം.32/15.11.2023)

### 1-1-7 മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 04/23- പാലിയേറ്റീവ് കെയർ | 388040 | 42201495/ 03.02.2023 | 251110008 - Medical Institution-Allopathy-Purchase Of Medicines For |
| | 05/23-ജീവിതശൈലീ രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ | 5,00,000 | 42201539/ 03.03.2023 | |

| | | | | |
|---|---|---|---|---|
| | | | | Hospitals |
| 2 | 03/23 - ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ | 6,50,000 | 42201386/ 16.06.2022 | 251110109-Medical Institution-Ayurveda-Purchase Of Medicines In Health Institutions |
| 2 | 06/23- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നവാങ്ങൽ | 3,00,000 | 42201418/ 21.10.2022 | 251110208-Medical Institution-Homoeo-Purchase Of Medicines In Health Institutions |

(ഓഡിറ്റ് എൻക്വയറി നം.32/15.11.2023)

**1-1-8 വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2013119 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2011278<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

**1-1-9 വസ്തു നികുതി-തൻവർഷം-നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

തൻവർഷം – നോൺ റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1490180 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1490082 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

**1-1-10 വസ്തു നികുതി-തൻവർഷം-സർവീസ് സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

തൻവർഷം- സർവീസ് സെസ്സ്

| | | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 22175 |
| | നോൺ-റെസിഡൻഷ്യൽ | 15457 |
| | ആകെ | 37632 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 37623 |
| | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

**1-1-11 വസ്തു നികുതി-കുടിശ്ശിക-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

കുടിശ്ശിക-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 13090 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 12965 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3814+9799)/105*100 |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

**1-1-12 വസ്തു നികുതി-കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 19901 |
| വാർഷികകണക്കിലെ വിവിധ | 8677 |

| | |
|---|---|
| പത്രികകൾ പ്രകാരം * | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3729+5382)/105*100 |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-13 ലൈബ്രറി സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

1) തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 178796/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 178757/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 179572/- രൂപയാണ് (വൗച്ചർ 42201717, 42201718, 42201719, 42201720 തീ 31.03.2023 – (103037 + 75325 + 323 + 887))

2) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 24763/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 1179/- (24763/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1197/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-14 വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ച തുകകളും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 337648 | 255716 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 52330 | 31460 |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-15 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്

ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ 220 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം (31.03.2023) രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

“സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

**1-1-16 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് കൃത്യമായി രേഖപെടുത്തുന്നില്ല**

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.5.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101- Rent From Building | 1407934 (ഒരു തവണ) | 31.03.2023 | 42201728 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

**1-1-17 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

B തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

C FTEAOS ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

D പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

E ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

F. വാടക ഡിമാന്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

### 1-1-18 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

2) ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

### 1-1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

### 1-1-20 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

### 1-1-21 "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം “190000000-Prior Period Income, എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറിൽ ജേണൽ വൌച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകയ്ക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101- Prior Period Income-Property Tax | 11495 |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-22 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-23 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനഃക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-24 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.
31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

## 1-1-25 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | Development Fund -Central Finance Commission Grant – Basic Tax Grant | 2728804 | 450210101 | SOUTH INDIAN BANK (0051053000046917) | 6152159 |

| | | | | | | |
|---|---|---|---|---|---|---|
| | 320200113 | Development Fund -Central Finance Commission Grant – Tied Fund | 3305047 | | | |
| 2 | 320100197 | Literacy Scheme Grant | 98371 | B-17 ൽ ടി ബാങ്ക് അക്കൗണ്ട് വിവരം കൊടുത്തിട്ടില്ല. പാസ്ബുക്ക് പ്രകാരമുള്ള തുകയാണ് ഇത് | Canara Bank (110079244236) | 0 |
| 3 | 320100195 | Grant, Funds For Pandemic/Epidemic Control | 50000 | 450210101 | Union Bank Of India (551102010011964) | 812 |

(ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-26 ഇൻവെസ്റ്റ്മെന്റ് രേഖകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.10/13.11.2023)

## 1-1-27 Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 116103113 |
| ആകെ ചെലവ് (B) | | 118649964 |
| മിച്ചം തുക C= A-B | | -2546851 |
| Prior Period Income (I-19) | 545273 | |
| Prior Period Expenditure (I-18) | 730929 | |
| Net Difference Between Prior Period Income And Expenses ( D ) | | -185656 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -2732507 |

എന്നാൽ ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ Net Difference Between Prior Period Income And Expenses ( D ) ആയി കൊടുത്തിട്ടുള്ളത് 185656 ആണ്. യഥാർത്ഥത്തിൽ ഈ തുക നെഗറ്റീവ് ആണ്. ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ (E) Gross Surplus/(deficit) Of Income Over Expenditure After Prior Period Items എന്നതിന്റെ ഫോർമുല E=C+D എന്നതിന് പകരം E= C-D എന്നാണ് ചേർത്തിട്ടുള്ളത്. -2546851ൽ നിന്നും 185656 കുറച്ചപ്പോൾ ലഭിച്ച -2732507 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ -2732507 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of | 4037225 |

| | |
|---|---|
| Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -2732507 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | 1304718 |

എന്നാൽ 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് 1323618 രൂപയാണ്. വ്യത്യാസമുള്ള തുക ട്രയൽ ബാലൻസിൽ 431910201 – Outdoor Collection Control Account എന്ന ശീർഷകത്തിലെ 18900/-രൂപയുടെ ക്രെഡിറ്റ് നീക്കിയിരിപ്പാണ് . മേൽ ശീർഷകത്തിലെ തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.
*(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 545273 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല) മേൽ അപാകം ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.32/15.11.2023)

## 1-1-28 ലേലം വരവ് -Auction Deposit എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തു

ലേലം, നികുതി ഇനത്തിൽ ലഭിച്ച തുക യഥാർത്ഥ വരവ് ശീർഷകത്തിൽ ചേർത്തിട്ടില്ല. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ ലേലം ചെയ്തതുമായി ബന്ധപ്പെട്ട ലേലഫയൽ, ലേലഡയറി എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുംവിധം വരവുള്ളതായി കാണുന്നു.

| ലേല ക്കാരൻ | രസീതി നം | ലേല ത്തുക | ജിഎസ് ടി | എഫ് ഡിറ്റി | ഇഎംഡി | ആകെത്തുക |
|---|---|---|---|---|---|---|
| രേണുക കുമ്പളത്തുപറമ്പിൽ | 1220400660/18.6.22- | 110 | 20 | 6 | 10 | 146 |
| സി കെ രാജേഷ്കുമാർ | 1220400713/24.6.22 | 4500 | 810 | 225 | 0 | 5535 |
| സുധീഷ് എ എൻ | 1220400926/18.7.22 | 300 | 54 | 15 | 0 | 369 |
| | 1220400927/18.7.22 | 300 | 54 | 15 | 0 | 369 |
| ആകെ | | 5210 | 938 | 261 | 10 | 6419 |

മേൽപ്രകാരമുള്ള ലേലവരവ്, ജി എസ് ടി, എഫ് ഡി ടി എന്നിവയെല്ലാം വാർഷികകണക്കിൽ Sale Of Timber എന്ന വരവ് ശീർഷകത്തിനു പകരം Auction Deposit എന്ന ബാധ്യതാശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
(ഓഡിറ്റ് എൻക്വയറി 30/14.11.23)

## 1-1-29 വാർഷിക കണക്ക് പ്രകാരം ചെലവ് വന്നിട്ടുള്ള പ്രോജക്ട് സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കലും ചെലവും വന്നിട്ടില്ല

വികസനഫണ്ട് – ജനറൽ, ഇനത്തിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ചെലവ് യഥാർത്ഥ ചെലവിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., നിർവഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് നം. 39/ 23- Communicable Disease Programme, പ്രകാരമുള്ള 105900/- രൂപ സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കലും ചെലവും വന്നിട്ടില്ല.
2022-23 വാർഷികകണക്കിൽ ടി തുക ഉൾപ്പെട്ടിട്ടുണ്ട്. 160100101 എന്ന ശീർഷകത്തിന്റെ ലെഡ്ജറിൽ ടി തുകയുണ്ട് (വൗച്ചർ നം. 42201390/06-07-2022 – 105,900)
Development Fund General ന്റെ ACR പ്രകാരം 105900/- ചെലവായി കാണിച്ചിട്ടുണ്ട്.
സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കലും ചെലവും വരാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.35/15.11.2023) താഴെ കൊടുത്തിട്ടുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

"28.02.2023 തീയതിയിലെ ഭരണസമിതി 1(1) നമ്പർ തീരുമാനപ്രകാരം പ്രോജക്ട് 39/23 – പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വികസന ഫണ്ട് 110000 രൂപ വകയിരുത്തിയതിൽ ചെലവായ 105900 രൂപ മാത്രം നിലനിർത്തി അധികതുകയായ 4100 രൂപ മറ്റ പ്രോജക്റ്റിലേക്ക് മാറ്റുന്നതിന് പദ്ധതി ഭേദഗതി ചെയ്തിരുന്നു . പ്രസ്തുത പദ്ധതി ഡിപിസി ക്ലിയർ ആവുകയും എന്നാൽ വെറ്റിംഗ് ലഭ്യമാകാതെ പ്രസ്തുത പ്രോജക്റ്റ് സ്റ്റാറ്റസ് Project Cleared By DPC എന്ന് മാത്രമാണ് കാണുന്നത്. വെറ്റിംഗ് ലഭ്യമായിട്ടില്ല എന്നതിനാൽ ടി പ്രോജക്റ്റുകൾ സുലേഖയിൽ വന്നിട്ടില്ല."

പ്രോജക്ട് 39/23 – പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പ്രോജക്റ്റ് സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ പ്രോജക്റ്റിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ പരിശോധിക്കപ്പെടുകയോ ചെയ്തിട്ടില്ല.
ഇത്തരത്തിൽ ചെലവ് സംഭവിക്കുകയും ചെലവ് വിവരങ്ങൾ സുലേഖ Implementing Officers Wise സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതെ പോവുകയും ചെയ്യുന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിനാൽ ചെലവ് രേഖകൾ പരിശോധിക്കപ്പെടാതെ പോകുന്നു. ഇക്കാര്യം അടിയന്തരമായി ഐ.കെ.എം. ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
105900/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26/03/2022 | 1 | 181963000 | 209048000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 28/02/2023 | 3 | 202763120 | 212219200 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 15379000 | 15379000 | 13533693# | 1845307* |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 7646000 | 7646000 | 7405605 | 240395* |
| വികസന ഫണ്ട്- ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 8640000 | 8640000 | 5754975 | 2885025* |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4570000 | 4570000 | 4443163 | 126837* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC TIED | ബാങ്ക് | 2422751 | 4012000 | 6434751 | 3129704 | 3305047** |
| | ട്രഷറി | 0 | 1526236 | 1526236 | 171666 | 1354570* |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC UNTIED | ബാങ്ക് | 1717903 | 2846916 | 4564819 | 1836015 | 2728804** |
| | ട്രഷറി | 0 | 676515 | 676515 | 564852 | 111663* |
| NRHM | | 0 | 450000 | 450000 | 0 | 450000** |
| Literacy Scheme Grant | | 98371 | 0 | 98371 | 0 | 98371** |
| Total Sanitation Campaign | | 2255522 | 0 | 2255522 | 0 | 2255522** |
| Total Sanitation Scheme | | 0 | 144000 | 144000 | 144000 | 0 |
| HEALTH GRANT (DIAGNOSTIC) | | 0 | 250861 | 250861 | 0 | 250861** |
| HEALTH GRANT (WELLNESS) | | 0 | 129425 | 129425 | 0 | 129425** |
| ICDS* | | 273414 | 891814 | 1165228 | 524591 | 640637** |
| Centrally Sponsored Schemes Under The Macro Management Policy | | 171845 | 0 | 171845 | 0 | 171845** |
| Other Liabilities | | 78410 | 0 | 78410 | 0 | 78410** |
| Grants For SpecificPurposes - Other Than Development Fund And State Sponsored Scheme Funds - Stadiums And Play Grounds | | 0 | 20836 | 20836 | 20836 | 0 |
| Grants For SpecificPurposes - Other Than Development Fund AndState Sponsored Scheme Funds - Other Purposes | | 500000 | 0 | 500000 | 0 | 500000** |
| Grants For Specific Purposes | | 1076555 | 2400649 | 3477204 | 6369 | 3470835** |

| | | | | | |
|---|---|---|---|---|---|
| -Other Government Agencies | | | | | |
| Other Grants, Funds & Contributions ForSpecific Purposes - Capital | 10000 | 0 | 10000 | 0 | 10000** |
| Grants/Funds For Pandemic/ EpidemicControl | 50000 | 0 | 50000 | 0 | 50000** |
| Beneficiary Contributions | 1002262 | 4698 | 1006960 | 984888 | 22072** |

കുറിപ്പ് – 1 ) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) #വികസനഫണ്ട് – ജനറൽ, ഇനത്തിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 13427793/- ആണ്. 31322/- രൂപയുടെ ക്യൂ ബിൽ വന്നിട്ടുണ്ട്. ചെലവ് വന്നിട്ടുള്ള 105900 രൂപ സുലേഖ സ്റ്റേറ്റ്മെന്റിൽ വരവും ചെലവും വന്നിട്ടില്ല. ഈ വിഷയം ഖണ്ഡിക 1-1-29 ൽ പ്രതിപാദിച്ചിട്ടുണ്ട്. (13427793 + 105900 = 13533693)

3) ICDS* – Integrated Child Development Service(320100125) , Integrated Child Development Scheme (320100196) എന്നീ രണ്ട് ഹെഡുകൾ ചേർന്ന് വന്ന ആകെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് ആണ് ചേർത്തിട്ടുള്ളത്.

4) ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 196 | 98445955 | 146 | 49335090 | 50.11 | 74.48 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16 | 1124261 | 1124277 | 1124277 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 22252385 | 22252385 | 22252385 | 0 |
| ആകെ | 16 | 23376646 | 23376662 | 23376662 | 0 |

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4627200 | 3025 |
| വിധവാപെൻഷൻ | 11635200 | 7416 |
| വാർദ്ധക്യകാലപെൻഷൻ | 20670800 | 13652 |
| വികലാംഗപെൻഷൻ | 2808800 | 1822 |
| 50 വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1533800 | 992 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2023 തീയതിയിൽ 3.30pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 78759/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചതായി കാണുന്നില്ല.
ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുണ്ട്.
നികുതി പിരിവിനായി ഒക്ടോബർ മാസത്തിൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിനും എല്ലാ വാർഡിലും അസസ്സ് ചെയ്തിട്ടുള്ള അളവിനേക്കാൾ കൂടുതലായി വീടുകൾ പുതുക്കി പണിതിട്ടുണ്ടെങ്കിൽ ആ വീടുകൾ കണ്ടുപിടിച്ച് നികുതി ഈടാക്കുന്നതിനും വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട് (20.09.2022-ലെ തീരുമാനം നം. 3, 08.11.2022-ലെ തീരുമാനം നം. 5).
2022-23 സാമ്പത്തിക വർഷം സമ്പൂർണ്ണ നികുതി പിരിവ് കൈവരിക്കുന്നതിനായി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിന് കുടുംബശ്രീ അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ട് (21.12.2022-ലെ തീരുമാനം നം. 2). വസ്തുനികുതി പിരിവ് പുരോഗതി വിലയിരുത്തുന്നതിന് വാർഡ് മെമ്പർമാരുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും ഫോൺ മുഖാന്തിരം അറിയിച്ച് 100% നികുതി പിരിക്കണമെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു. (27.02.2023 തീരുമാനം 4)
നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

### വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് (ശതമാനം) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 1958150 | 2027836 | 3.56 | 220 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1364573 | 1503567 | 10.18 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ | 23750 | 32500 | 36.84 | |
| തൊഴിൽ നികുതി- ട്രേഡേഴ്സ് | 213100 | 225220 | 5.69 | |
| തൊഴിൽ നികുതി - ജീവനക്കാർ | 1109370 | 1073890 | -3.19 | |
| ലൈസൻസ് ഫീസ് | 150150 | 164250 | 9.39 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒഴികെയുള്ള ഇനങ്ങളുടെ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല. തൊഴിൽ നികുതി - ജീവനക്കാർ, തൻവർഷം വരുമാനം കുറഞ്ഞത് പരിശോധിക്കേണ്ടതാണ്.

**വസ്തുനികുതി**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. ഭരണസമിതി യോഗത്തിന്റെ 26.07.2023 ലെ 4/3 നമ്പർ തീരുമാനപ്രകാരം ആയത് അന്തിമമാക്കിയിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്‌ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്‌ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് ലഭ്യമല്ലാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

**സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി വസ്തുനികുതിയുടെ 1% എന്ന നിരക്കിൽ (ഡ്രൈനേജ്-1%) പിരിച്ചെടുക്കുന്നുണ്ട്.

**തൊഴിൽനികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ

ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.
നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

**വിനോദനികുതി**

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകളില്ല. ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയൊന്നും നിലവിൽ പഞ്ചായത്തിൽ ഇല്ല.

നികുതിയേതര വരവുകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ലൈസൻസ്, ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്.
ചട്ടം 24 പ്രകാരം ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**ലേലം**

മരങ്ങളുടെ ലേലം/പുനർലേലം എന്നിവ 2022-23 വർഷത്തിൽ നടന്നിട്ടുണ്ടെങ്കിലും പല മരങ്ങളും ലേലം കൊണ്ടിട്ടില്ല. ആയതിന്റെ കാരണം പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് നിഷ്ക്രിയ ആസ്തികൾ ഉണ്ടോ എന്ന് സ്ഥലപരിശോധന നടത്തി കണ്ടെത്തേണ്ടതും, പ്രസ്തുത ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

**മറ്റിനങ്ങൾ**

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി -അപാകങ്ങൾ

പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) താഴെ കൊടുത്തിട്ടുള്ള വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| സ്ഥാപനം | ജീവനക്കാരൻ | കാലയളവ് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| സി എസ് ബി ബാങ്ക്, പെരുവല്ലൂർ | അരുണ പ്രദീപ്, GLO | ഒന്നാം അർദ്ധവർഷം | 100000 | 750 | 1000 | 250 |

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2) താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2022-23 ൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1.അന്നകര സർവീസ് സഹകരണ സംഘം, അന്നകര
2.മുല്ലശ്ശേരി സർവീസ് സഹകരണ സംഘം, മുല്ലശ്ശേരി
3.സൗത്ത് ഇന്ത്യൻ ബാങ്ക്, മുല്ലശ്ശേരി
4.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുല്ലശ്ശേരി

5.യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മുല്ലശ്ശേരി
6.ഗുരുവായൂർ കോപ്പറേറ്റീവ് അർബൻ ബാങ്ക്, മുല്ലശ്ശേരി
7.സി എസ് ബി ബാങ്ക്, പെരുവല്ലൂർ
8.മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, മുല്ലശ്ശേരി
9.വെസ്റ്റേൺ ലോൺസ് & റിയൽ എസ്റ്റേറ്റ് ലിമിറ്റഡ്, മുല്ലശ്ശേരി
10.ശ്രീദുർഗ്ഗ കുറീസ് & ലോൺസ്, പെരുവല്ലൂർ
11.സെഞ്ചുറി ഫിനാൻസ്, പെരുവല്ലൂർ
12.രാധാകൃഷ്ണ ഫിനാൻസ്, മുല്ലശ്ശേരി

ടി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
താഴെ കൊടുത്തിട്ടുള്ള ജീവനക്കാർ രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
1) വീണ എസ് നായർ, ജി.യു.പി.എസ്., മുല്ലശ്ശേരി
2) പുഷ്പലത എ.എസ്., HST, ജി.എച്ച്.എസ്., മുല്ലശ്ശേരി
3) ശോഭ കെ.ആർ., HST, ജി.എച്ച്.എസ്., മുല്ലശ്ശേരി
4) രോഷ്നി ടി.വി., PD ടീച്ചർ, ജി.എച്ച്.എസ്., മുല്ലശ്ശേരി
4) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ -ടെ ഓഫീസിൽ നിന്നും ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
5) പതിയാർകുളങ്ങര AUPS – ൽ ഏതാനും അദ്ധ്യാപകർ നിയമനത്തിന് അംഗീകാരം ആകാത്തതിനാൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
1)ബ്രീജ കെ., LPST, Joined On 01.06.2018
2)ചിഞ്ചു ബേബി, LPST, Joined On 01.06.2022
3)ചിഞ്ചുമോൾ, LPST, Joined On 01.06.2022
4)ലിഷ പി.ബി., LPST, Joined On 01.06.2022
5)നിതിൻ ആനന്ദ് എ.വി., UPST, Joined On 01.06.2022
6)ആതിര സി.വി., OA, Joined On 01.06.2021
മേൽ അധ്യാപകരിൽ(അനധ്യാപകരിൽ) നിന്നും നിയമനത്തിന് അംഗീകാരം ആകുന്ന മുറക്ക് ജോലി ചെയ്ത കാലയളവിലെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.
6) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയം, കള്ളുഷാപ്പ് എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/ 14.11.2023)

## 1-11 കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം 2022-23 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പി കെ ചന്ദ്രൻ
2. അരുൺ സി ആർ
3. അഭിലാഷ് പി ജോർജ്
4. രതീഷ് പിബി
5. രവീന്ദ്രൻ സി എസ്
6. കെ കെ പ്രദീഷ്
7. റോയ്മോൻ കെ.ഇ.
8. ഫിറോസ് പി.എം.
9. ശശികുമാർ എൻ എൻ
10. ജോഷി സി എ
11. ഷൈൻദാസ് ബി വൈ

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ

ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/13.11.2023) തൊഴിൽനികുതി അടവാക്കുവാൻ ആവശ്യപ്പെട്ട് കരാറുകാർക്ക് കത്ത് നല്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-12 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 16 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|
| | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| ( 1 ) Thirunelloor | 470 | 0 | 470 | 0 | 470 | 0 | 470 | 0 |
| ( 2 ) PERUVALLOOR | 547 | 4 | 543 | 0 | 543 | 0 | 543 | 4 |
| ( 3 ) AMBEDKAR GRAMAM | 629 | 0 | 629 | 0 | 629 | 0 | 629 | 0 |
| ( 4 ) PENAKAM | 594 | 0 | 594 | 1 | 593 | 0 | 593 | 1 |
| ( 5 ) ANNAKARA | 457 | 1 | 456 | 0 | 456 | 0 | 456 | 1 |
| ( 6 ) ELAVATHUR | 536 | 1 | 535 | 0 | 535 | 0 | 535 | 1 |
| ( 7 ) PATHIYARKULANGARA | 436 | 1 | 435 | 0 | 435 | 0 | 435 | 1 |
| ( 8 ) THANAVEEDHY | 463 | 0 | 463 | 0 | 463 | 0 | 463 | 0 |
| ( 9 ) MANINA | 484 | 0 | 484 | 0 | 484 | 0 | 484 | 0 |
| ( 10 ) PARANBANTHALY | 545 | 3 | 542 | 0 | 542 | 0 | 542 | 3 |
| ( 11 ) SANTHIGRAMAM | 630 | 2 | 628 | 0 | 628 | 0 | 628 | 2 |
| ( 12 ) POONCHIRA | 514 | 0 | 514 | 0 | 514 | 0 | 514 | 0 |
| ( 13 ) KORLY | 534 | 0 | 534 | 0 | 534 | 0 | 534 | 0 |
| ( 14 ) MULLASSERY | 596 | 0 | 596 | 1 | 595 | 0 | 595 | 1 |
| ( 15 ) C H C | 547 | 2 | 545 | 0 | 545 | 0 | 545 | 2 |
| Total | 7982 | 14 | 7968 | 2 | 7966 | 0 | 7966 | 16 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.29/14.11.2023)

## 1-13 ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തി

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ XIV, XV എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | XV/59 | സത്യമൂർത്തി രാരംപ്പറമ്പിൽ | ഉൽ മുഹമ്മദ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | XV/60 | ഗീത രാജൻ രാരംപ്പറമ്പിൽ | ഉൽ മുഹമ്മദ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 2 | XV/423 | സന്ദീപ് കരുമത്തിൽ | സി എച്ച് | 1.5 | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | | | സി കണ്ണങ്കാട് ലിംഗ് റോഡ് | മീറ്ററിൽ കൂടുതൽ | |
| | XV/423A | മുഹമ്മദ് അഷ്റഫ്(രായംമരയ്ക്കാർ | സി എച്ച് സി കണ്ണങ്കാട് ലിംഗ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 3 | XIV/232B | കെ.ആർ.ഗോപി കുട്ടാട്ട് പണ്ടാരത്തിൽ | മുല്ലശ്ശേരി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | XIV/232A | ഹരിദാസ്.കെ.എ., കളപുരയ്ക്കൽ | മുല്ലശ്ശേരി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 4 | XIV/313 | സുരേഷ് തിണ്ടിത്തേരി | മഹാത്മ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | XIV/313A | ശങ്കരു തിണ്ടിത്തേരി | മഹാത്മ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |

വ്യത്യസ്ത മേഖലനിർണയത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/14.11.2023) മറുപടി ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

തെറ്റായി മേഖലാ നിർണ്ണയം നടത്തിയതിന് ഉദാഹരണങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചത്. മുഴവൻ വാർഡുകളും പരിശോധിച്ച് മേഖലാ നിർണ്ണയത്തിൽ വ്യത്യാസം വന്ന കെട്ടിടങ്ങളുടെ മേഖല കൃത്യമാക്കേണ്ടതും കെട്ടിടങ്ങളുടെ മേഖലയ്ക്കനുസൃതമായി വർദ്ധനവ്/ഇളവ് നല്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/14.11.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-15 പഞ്ചായത്ത് ലൈബ്രറി- രസീതു ബുക്കുകളും കളക്ഷൻ രജിസ്റ്ററുകളും ലഭ്യമാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ലൈബ്രറിയിൽ നിന്നുള്ള വരുമാനം, വാർഷിക കണക്കിൽ

ഏത് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

21-10-21 മുതൽ നാളിതുവരെയുള്ള രസീത് ബുക്കുകൾ, അതിന്റെ കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/14.11.2023) മറുപടി ലഭ്യമാക്കിയില്ല. രസീതുബുക്ക് നഷ്ടപ്പെട്ടു പോയി എന്ന് ലൈബ്രേറിയൻ വാക്കാൽ മറുപടി നല്കി. ലൈബ്രറി രസീത് ബുക്കുകളുടെ മാതൃക പരിശോധിച്ചതിൽ അവയ്ക്ക് രസീത് ബുക്ക് നമ്പർ, ലീഫുകളിൽ സീരിയൽ നമ്പർ ഒന്നും തന്നെയില്ല. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. കളക്ഷൻ രജിസ്റ്റർ, തുകകൾ പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 FTEAOS ലൈസൻസ് - അപാകങ്ങൾ

1)മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 1060 എണ്ണം
100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 120 എണ്ണം
200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 0
200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 96 എണ്ണം
വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ – 3
ആകെ – 1279

ഗ്രാമപഞ്ചായത്തിൽ ആകെ 1279 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, ഓൺഡർപ്രണർഷിപ്പ്, ആക്റ്റിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1279 കെട്ടിടങ്ങളിൽ 436 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള 843 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ഇപ്രകാരം വ്യത്യാസം വന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം.33/15.11.2023) ലഭ്യമാക്കിയില്ല.

വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ലൈസൻസിനായുള്ള അപേക്ഷകളുടെ പരിശോധനയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | സ്ഥാപന ഉടമ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എ.സി. പൈപ്പ്സ് & ഫിറ്റിംഗ്സ് | റെഫി ജോൺ | 9 |
| 2 | സി.ടി.ആർ പോളിമേഴ്സ് | തോംസൺ സി.വി. | 9 |
| 3 | സ്നേഹ പോളിമേഴ്സ് | ജോമി ജോബ് | 4 |

ടി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

ട്രേഡേഴ്സ് ലിസ്റ്റ് ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.
ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.

## 1-17 പാരാമെഡിക്കൽ രജിസ്ട്രേഷൻ/പുതുക്കൽ ഫീസ് ഈടാക്കിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.
താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പുതുക്കൽ ഫീസ് ഈടാക്കേണ്ടതാണ്.

1.മോസസ് ഹൈടെക് ലാബ്, മുല്ലശ്ശേരി
2.വൈദ്യമന്ദിരം ആശുപത്രി
പാരാമെഡിക്കൽ രജിസ്ട്രേഷൻ/പുതുക്കൽ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.28/14.11.2023)

## 1-18 ബൈലോകൾ തയ്യാറാക്കേണ്ടതും ആധികാരികരേഖയായി സൂക്ഷിക്കേണ്ടതുമാണ്

1) കമ്മ്യൂണിറ്റി ഹാളുകൾ
മുല്ലശ്ശേരി പഞ്ചായത്തിന് കമ്മ്യൂണിറ്റി ഹാൾ, പെരുവെല്ലൂർ, കമ്മ്യൂണിറ്റി ഹാൾ, മുല്ലശ്ശേരി എന്നിങ്ങനെ രണ്ട് കമ്മ്യൂണിറ്റി ഹാളുകളാണ് നിലവിലുള്ളത്. ഹാൾ & ഓഡിറ്റോറിയം എന്നിവയുടെ വാടക സംബന്ധിച്ച ബൈലോ നിലവിൽ തയ്യാറാക്കിയിട്ടില്ല.
2) ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ
ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക സംബന്ധിച്ച് 15.06.1992 ന് പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോ ആണ് നിലവിൽ ഉപയോഗിക്കുന്നത്. 1994 ലെ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന രീതിയിലുള്ള പുതിയ ബൈലോ തയ്യാറാക്കി, പൊതുജനങ്ങളിൽ നിന്ന് ആക്ഷേപം സ്വീകരിച്ച് പഞ്ചായത്ത് യോഗം അംഗീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറിൽ നിന്നും അനുമതി തേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ബൈലോയ്ക്ക് സർക്കാർ അംഗീകാരം പുതുക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) ക്രിമിറ്റോറിയം
ക്രിമിറ്റോറിയം നടത്തിപ്പുമായി ബന്ധപ്പെട്ട ബൈലോ പഞ്ചായത്ത് യോഗം തീരുമാനിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതിക്കായി അയച്ചിട്ടുണ്ട്.

ബൈലോകൾ തയ്യാറാക്കേണ്ടതും അംഗീകാരം ലഭ്യമാക്കി ആധികാരികരേഖയായി സൂക്ഷിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി (നം.22/14.11.2023)

## 1-19 ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷണർ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | ജാനകി കെ.കെ. | 2220278530 | ക്ഷേമനിധി ബോർഡ് പെൻഷൻ Karshaka Pension For Small And Marginal Farmers, Agriculture Office, Mullassery | 05.08.2022 | 93/2022 31.08.2022 | സസ്പെൻഡ് | 09/2022 – 04/2023 | 1600 | 12800 | 12800 |

ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 27/ 14.11.2023) നല്കിയിരുന്നു. ശ്രീമതി ജാനകി കെ.കെ., കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്ന കർഷക പെൻഷൻ ഗുണഭോക്താവാണെന്നും അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.2020 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. അനർഹമായി നൽകിയ മേൽ പരാമർശിച്ച 12800/- രൂപ തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം 2022-23 വർഷം മരണപ്പെട്ടവരിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ അനർഹമായി പെൻഷൻ വാങ്ങുന്നവരുണ്ടോ എന്നുള്ള വിവരം പരിശോധിച്ച് വാങ്ങുന്നുണ്ടെങ്കിൽ അത്തരത്തിലുള്ള മുഴുവൻ തുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് തിരികെ അടവാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ലാപ്ടോപ്പ് കൈമാറിയിട്ടില്ല – 83316 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

പ്രോജക്ട് -- S179/23 – കുടുംബശ്രീ ഹെൽപ്ഡസ്കിലേക്ക് ലാപ്ടോപ്പും പ്രിന്ററും വാങ്ങൽ

അടങ്കൽ -- 83316

ഫണ്ട് -- വികസനഫണ്ട് പൊതുവിഭാഗം

ചെലവ് -- 83316

വൗച്ചർ നം.-- 42201447/19.12.22 – 48276 – Laptop

വൗച്ചർ നം.-- 42201511/15.2.23 – 35040 – A4 Multifunction Printer

സപ്ലൈ ചെയ്ത സ്ഥാപനം -- കെൽട്രോൺ
പ്രഫോർമ ഇൻവോയ്സ് -- 43036/26.11.22 – 48276 -- Laptop

പ്രഫോർമ ഇൻവോയ്സ് -- 45521/3.2.23 – 35040 – A4 Multifunction Printer

ഇൻവോയ്സ് നം.--- ITP/20169/22-23/31.3.23 – 35040
ITP/19600/22-23 /31.3.23 – 48276

ലാപ്ടോപ്പ്,പ്രിന്റർ എന്നിവ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. പഞ്ചായത്തിൽ കുടുംബശ്രീ ഹെൽപ് ഡസ്ക് തയ്യാറാക്കുകയോ കുടുംബശ്രീയുമായി കരാർ വച്ച് ലാപ്ടോപ്പ്, പ്രിന്റർ എന്നിവ കൈമാറുകയോ ചെയ്തിട്ടില്ല.
ഓഡിറ്റ് എൻക്വയറി- 26/14.11.23 ക്ക് മറുപടിയായി പഞ്ചായത്ത് പരിസരത്ത് കാബിൻ നിർമ്മിച്ചിട്ടുണ്ട്, അതിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറക്ക് കരാർ വച്ച് ലാപ്ടോപ്പ്, പ്രിന്റർ എന്നിവ കൈമാറുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
കുടുംബശ്രീ ഹെൽപ് ഡസ്കിനായി വാങ്ങിയ ഇനങ്ങൾ കൈമാറി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലാപ്ടോപ്പ്, പ്രിന്റർ എന്നിവ കൈമാറി ഹെൽപ്ഡെസ്ക് പ്രവർത്തനക്ഷമമാക്കുന്നതുവരെ 83316രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ഹരിതകർമ്മസേനക്കായി വാങ്ങിയ വാഹനം കൈമാറിയിട്ടില്ല – 2,32,250രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | S148/23 – ശുചിപൂർണ്ണഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 5,00,000 |
| ചെലവ് | 2,32,250 |
| വൗച്ചർ നം | 22201559/31.3.2023 |
| വാഹനം ലഭ്യമാക്കിയ സ്ഥാപനം | കുറ്റുക്കാരൻ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ |

ഹരിതകർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് പ്രത്യേകരൂപകൽപന ചെയ്ത വാഹനം വാങ്ങുന്നതിനാണ് ഈ പദ്ധതി. ജെം പോർട്ടൽ മുഖേന ഈ ആവശ്യത്തിനായി Piaggio Ape Electric E-xtra എന്ന ഇലക്ട്രിക് വാഹനം വാങ്ങി. വാഹനം സെക്രട്ടറിയുടെ പേരിൽ KL46Y 4128 നമ്പറായി 31.5.2023 ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അപാകതകൾ

1) ഹരിതകർമ്മസേനയുമായി കരാർ വെക്കുകയോ വാഹനം കൈമാറുകയോ ചെയ്തിട്ടില്ല.

2) വാഹനം ഉപയോഗിക്കുന്നതിന് ഹരിതകർമ്മസേനയിൽ പരിശീലനം ലഭിച്ചവർ ഇല്ല. ഡ്രൈവിംഗ് പരിശീലനത്തിനായി ഹരിതകർമ്മസേനയിൽ നിന്ന് അഞ്ച് പേരുടെ ലിസ്റ്റ് ജില്ലാകുടുംബശ്രീമിഷന് കൈമാറിയെങ്കിലും പരിശീലനം ആരംഭിച്ചിട്ടില്ല. അതുവരെ വാഹനം ഉപയോഗിക്കുന്നതിന് പഞ്ചായത്ത് ഡ്രൈവറെ തെരഞ്ഞെടുക്കുന്നതാണ് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

3) മാലിന്യം നീക്കം ചെയ്യുന്നതിന് നാളിതുവരെ വാഹനം ഉപയോഗിച്ചിട്ടില്ല. വാഹനത്തിന് ഗ്രിൽ

സ്ഥാപിച്ചശേഷമേ മാലിന്യനീക്കത്തിന് ഉപയോഗിക്കാനാവൂ എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

4)വാഹനത്തിന്റെ തുടർ പ്രവർത്തനങ്ങൾ( സർവീസിംഗ്, മറ്റ് റിപ്പയർ പ്രവൃത്തികൾ ) എന്നിവ എങ്ങനെ നടപ്പാക്കുന്ന എന്നതിൽ വ്യക്തതയില്ല. വാഹനം ഹരിതകർമ്മസേനക്ക് കൈമാറി മാലിന്യനീക്കത്തിന് ഉപയോഗിക്കുന്നതുവരെ തുക 232250 രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി 24/14.11.23)

**1-22 തെരുവ് വിളക്ക് എ എം സി -- അടിസ്ഥാനരേഖകൾ ഇല്ല**

തെരുവ് വിളക്ക് റിപ്പയറിനും പരിപാലനത്തിനുമായി രണ്ട് പദ്ധതികളും തെരുവുവിളക്ക് വാങ്ങുന്നതിന് ഒരു പദ്ധതിയും തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

1. പ്രോജക്റ്റ് -- S090/23 – സ്ട്രീറ്റ് ലൈറ്റ് എ എം സി

ഫണ്ട് അടങ്കൽ -- വികസനഫണ്ട് പൊതുവിഭാഗം -- 200000

ചെലവ് -- 98278

വൗച്ചർ നം -- 42201586/28.3.23

കരാറുകാരൻ -- ശ്രീ.നിഖിൽകുമാർ കെ എൻ

2022-23 ൽ200000, 2023-24 ൽ 200000 എന്നിങ്ങനെ 400000 രൂപ അടങ്കലിൽ ആസൂത്രണം ചെയ്ത ബഹു വർഷ പദ്ധതിയാണിത്.

2. പ്രോജക്റ്റ് -- S026/23 – സ്ട്രീറ്റ് ലൈറ്റ് എ എം സി (സ്പിൽ ഓവർ)

ഫണ്ട് അടങ്കൽ -- വികസനഫണ്ട് പൊതുവിഭാഗം --46492

തനതുഫണ്ട് -- 39048

ആകെ അടങ്കൽ---85540

ചെലവ് -- 83820

വൗച്ചർ നം -- 42201393/23.7.22 -- 46492

22200494/18.7.22 – 37328

കരാറുകാരൻ -- ശ്രീ.വേണുഗോപാലമേനോൻ

ഈ പദ്ധതി പ്രകാരം 84820 രൂപ വീതം 15.1.22നും 22.3.22 നും (2021-22 സാമ്പത്തിക വർഷം) കരാറുകാരന് നൽകിയിട്ടുണ്ട്.

3. പ്രോജക്റ്റ് --S210/23 – സ്ട്രീറ്റ്ലൈറ്റ് മെറ്റീരിയൽസ് വാങ്ങൽ പദ്ധതിയുടെ ഭാഗമാക്കൽ

അടങ്കൽ-- തനതുഫണ്ട് --46330

ചെലവ് -- 46330

വൗച്ചർ നം -- 22200987/24.11.22

വാങ്ങിയ ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | ബിൽ നം | സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|---|
| 12W LED (Luker) | 225 | 54/6.9.22 | G Yes ഇലക്ട്രിക്കൽസ് , പടിയം,മുറ്റിച്ചൂർ |
| Pendant Holder CPL | 225 | | |
| 4mm Service Wire | 475 | | |
| Insulation Tape | 58 | | |

കൂടാതെ പ്രൊജക്ടിൽ ഉൾപ്പെടുത്താതെ ഇവ ഫിറ്റ് ചെയ്യുന്നതിന് ലേബർ ചാർജായി ശ്രീ.നിഖിൽകുമാർ എന്ന വ്യക്തിക്ക് വൗച്ചർ നം. 22200994/24.11.22 പ്രകാരം 22500 രൂപ നൽകിയിട്ടുണ്ട്.

അപാകതകൾ

1)ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം,തരം ,അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് ,വാർഡ് എന്നിവ കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.അടിസ്ഥാനരേഖകളുടെ അഭാവത്തിൽ കരാർ നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

2)S090/23 – സ്ട്രീറ്റ് ലൈറ്റ് എ എം സി പദ്ധതിയിൽ കരാറുകാരനിൽ നിന്ന് ജി എസ് ടി ഈടാക്കിയിട്ടില്ല. കതർമൂല്യം 2 ½ ലക്ഷത്തിൽ അധികമായാൽ ഓരോ ബില്ലിൽ നിന്നും 2% ജി.എസ്.ടി.ടി.ഡി.എസ് ഈടാക്കേണ്ടതാണ്.
അടിസ്ഥാനരേഖകൾ കൃത്യതപ്പെടുത്തി സൂക്ഷിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 25/14.11.23)

**1-23 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് -- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല; 28457 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് നം.025/23 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

അടങ്കൽ -- വികസനഫണ്ട് -- 42624

ചെലവ് --- 28457

വൗച്ചർ നം.-- 42201381/ 24.5.22

പഞ്ചായത്തിലെ രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതാണ് പദ്ധതി.

ജെം പോർട്ടൽ മുഖേന സ്പോർട്സ് ഇനങ്ങൾ വാങ്ങിയതിന്റെ വിവരംചുവടെ ചേർക്കുന്നു

| സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം | ഇനം | തുക |
|---|---|---|---|
| ശർമ്മ സ്പോർട്സ് ജലന്ധർ | GA356/2021-22 /10.3.22 | വോളിബോൾ-- 10 എണ്ണം | 6800 |
| വി എച്ച് ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡ്, കാൺപൂർ | 154/16.3.22 | ക്രിക്കറ്റ് ബോൾ --36 എണ്ണം | 7919 |
| ഇന്ത്യൻ ഫോഴ്സ് സപ്ലൈകോ അമൃത് സർ | 217/2.3.22 | ഫുട്ബോൾ ഗോൾപോസ്റ്റ് നെറ്റ് --4എണ്ണം | 7908 |
| കുബേർ എന്റർപ്രൈസസ് ഡൽഹി | 77/2.3.22 | ഫുട്ബോൾ-- 22എണ്ണം | 5830 |
| | ആകെ | | 28457 |

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ

സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022ലെസർക്കാർ ഉത്തരവ് (കൈ) നം.115/2022/തസ്വഭവ സർക്കാർ ഉത്തരവ് ഖണ്ഡിക 7.7.2പ്രകാരം ഒരു രജിസ്റ്റേഡ് ക്ലബിന് 6000രൂപയിൽ അധികമാകാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം. നൽകേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ഇനം യുവജനക്ലബുകളുടെ ഏകോപനസമിതി നിശ്ചയിക്കണം.

അപാകതകൾ

1) സ്പോർട്സ് ഇനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയോ ക്ലബുകൾക്ക് വിതരണം ചെയ്തതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.

2)ഏതൊക്കെ ക്ലബുകൾക്ക് നൽകിയെന്നോ അവയുടെ രജിസ്ട്രേഷൻ വിവരങ്ങളോ ഇല്ല.

3)ക്ലബുകളുടെ അപേക്ഷകളോ, സ്പോർട്സ് ഇനങ്ങളുടെ ആവശ്യകത ക്ലബുകളുടെ ഏകോപനസമിതി നിശ്ചയിച്ചതിന്റെ വിവരങ്ങളോ ലഭ്യമല്ല.
(ഓഡിറ്റ് എൻക്വയറി 7/13.11.23)
മേൽരേഖകളുടെ അഭാവത്തിൽ ചെലവ് തുക 28457 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ഡെപോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ, ധനവിനിയോഗസർട്ടിഫിക്കറ്റ് ,പൂർത്തീകരണസാക്ഷ്യപത്രംഎന്നിവ ഹാജരാക്കിയിട്ടില്ല.

| പദ്ധതി | വൗച്ചർ നം., തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| S144/23--കോർളി കുടിവെള്ള പദ്ധതി | 22200320/16.6.22-28000 | ജില്ലാഓഫീസർ ഭൂജലവകുപ്പ്,തൃശ്ശൂർ |
| S233/23-- ജലരക്ഷ ജീവരക്ഷ മുളഞ്ചേരിക്കുളം മോട്ടോർഇലക്ട്രിഫിക്കേഷൻ | 22201578/31.3.23 -- 189062 | അസിസ്റ്റന്റ് എഞ്ചിനീയർ , കെഎസ് ഇബി, വെങ്കിടങ്ങ് |

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി ഫൈനൽബിൽ,പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ തുക കൈപ്പറ്റിയ ഏജൻസികൾ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | വൗച്ചർ നം.,തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| S115/23 – എസ് എസ് എ വിഹിതം നൽകൽ (എസ് സി) | 42201400/22.8.22--368838 | ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്റർ സമഗ്ര ശിക്ഷ കേരള |
| S088/23 – എസ് എസ് എ വിഹിതം നൽകൽ | 42201399/22.8.22 -- 400000 | ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്റർ സമഗ്ര ശിക്ഷ കേരള |
| | 42201550 /15.3.23 -- 319691 | ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്റർ സമഗ്ര ശിക്ഷ കേരള |
| S087/23 – | 42201407 /22.9.22 -- | എക്സിക്യൂട്ടീവ് |

| | | |
|---|---|---|
| ഐകെ എം വിഹിതം നൽകൽ | 80000 | ഓഫീസർ.ഐ കെ എം |
| S084/23-- കാൻ തൃശ്ശൂർ | 22201540/30.3.23 -- 30000 | സെക്രട്ടറി, ജില്ലാപഞ്ചായത്ത്,തൃശ്ശൂർ |
| S084/23-- സമേതം വിഹിതം കൈമാറൽ | 22201540/30.3.23 – 96650 | സെക്രട്ടറി, ജില്ലാപഞ്ചായത്ത്,തൃശ്ശൂർ |

(ഓഡിറ്റ് എൻക്വയറി 5/13.11.23)

തുക കൈപ്പറ്റിയ സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗവിവരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ബാലസഭ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ചെലവഴിച്ച 35000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.127/23 ബാലസഭ

നിർവഹണഉദ്യോഗസ്ഥൻ -- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -- വികസനഫണ്ട് -- 50000

ചെലവ് --- 50000

വൗച്ചർ നം.-- 42201491 /1.2.23

14.1.2023, 15.1.2023 തീയതികളിൽ കുട്ടികളെ നെറ്റിപ്പട്ടം,മുത്തുക്കുട,ജാം ,സ്ക്വാഷ് നിർമ്മാണം പഠിപ്പിക്കുന്നതിന് നിർമ്മാണസാമഗ്രികൾ വാങ്ങിയ ഇനത്തിലും പരിശീലകർക്ക് പ്രതിഫലം ഇനത്തിലും 50000 രൂപ സിഡിഎസിന്റെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,മുല്ലശ്ശേരി ബ്രാഞ്ചിലെ അക്കൗണ്ട് നം. 551102010000981 ലേക്ക് കൈമാറി.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022ലെസർക്കാർ ഉത്തരവ് (കൈ) നം.115/2022/തസ്വഭവ സർക്കാർ ഉത്തരവ് ഖണ്ഡിക 7.7.10 പ്രകാരം ഗ്രാമപഞ്ചായത്ത് വാർഡ് ഒന്നിന് ₹1000/-യാണ് ബാലസഭ പ്രവർത്തനങ്ങൾക്കായി അനുവദിക്കാവുന്ന തുക. ആയതു പ്രകാരം ആകെ 15വാർഡുകളുള്ള പഞ്ചായത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക ₹15,000/- മാത്രമാണ്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ₹50000/-ചെലവഴിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്. പദ്ധതിക്കായി അനുവദനീയമായതിലും അധികം ₹ 35000 /-(50000-15,000)ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവു പ്രകാരം അനുവദനീയമായതിലും കൂടുതൽ ചെലവഴിച്ച ₹ 35000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 2/13.11.23)

## 1-27 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് --വ്യത്യസ്ത നിരക്കിൽ വാങ്ങലുകൾ നടത്തി

പ്രോജക്ട് നം.100/23 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവഹണഉദ്യോഗസ്ഥൻ -- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -- വികസനഫണ്ട് എസ് സി -- 943308

ചെലവ് --- 943308

വൗച്ചർ നം.-- 42201516/ 16.2.23 – 496638

--- 42201489/ 27.1.23 -- 446670

വിതരണം ചെയ്ത ഏജൻസി -- വിശ്വാസ് കമ്പ്യൂട്ടേഴ്സ് ,കുന്നംകുളം

24 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. ജെം പോർട്ടൽ വഴിയാണ് വിശ്വാസ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ 24 നിന്ന് ലാപ്ടോപ്പ് വാങ്ങിയത്. 12എണ്ണം വീതം രണ്ട് പ്രാവശ്യമായിട്ടാണ് (21.1.23,14.2.23 തീയതികളിൽ) സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയത്. രണ്ട് വാങ്ങലുകളിലും ലാപ്ടോപ്പിന്റെ വിലയിൽ പ്രകടമായ വ്യത്യാസമുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | എണ്ണം | വില | അഭിപ്രായം |
|---|---|---|---|
| 1892/27.1.23 | 12 | 446670 | ഒന്നിന് 37222.5 രൂപ |
| 2008/14.2.23 | 12 | 496638 | ഒന്നിന് 41386.5 രൂപ |
| ആകെ | | 943308 | |

രണ്ടാമത് വാങ്ങിയപ്പോൾ ഒരു ലാപ്ടോപ്പിന്റെ വിലയിൽ 4164 രൂപ കൂടുതൽ നൽകി. ആകെ 12എണ്ണത്തിന് 49968 രൂപ കൂടുതൽ നൽകി. ഒരേ ബ്രാന്റിലുള്ള ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾക്കാണ് (Laptop Acer I3/4GB/ 512GB/Linux/3Y/14 Inch) 18ദിവസത്തെ ഇടവേളയിൽ ഇത്തരത്തിൽ വിലവ്യത്യാസം വന്നിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി (3/13.11.23)ക്ക് മറുപടിയായി രേഖകൾ ലഭ്യമായ 12 ഗുണഭോക്താക്കൾക്കായി ആദ്യം ഡിമാന്റ് ചെയ്തു. പിന്നീട് 12പേരുടെ രേഖകൾ ലഭ്യമായപ്പോൾ രണ്ടാമതും ഡിമാന്റ് ചെയ്തതിലാണ് വില വ്യത്യാസം വന്നത്, ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തിന് തന്നെയാണ് പർച്ചേസ് ഓർഡർ നൽകിയത് എന്നും നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഒരു പദ്ധതിക്കാവശ്യമായ മുഴുവൻ എണ്ണവും ബിഡ്ഡിംഗ് വഴി ഒറ്റത്തവണയായി പർച്ചേസ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം- ബാക്കി തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് - 29559 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി 2022-23 വർഷത്തിൽ ₹3,00,000/- (വാർഡൊന്നുക്ക് രണ്ടു തവണയായി 10000 രൂപ വീതം ആകെ ₹20,000) വൗച്ചർ നം.(1)22200226/30.05.22 (2)22200433/6-7-22 പ്രകാരം **തനതു ഫണ്ടിൽ** നിന്നും എച്ച് ഐ മാരുടെ അക്കൗണ്ടിലേക്ക് സെക്രട്ടറി വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ പരിപാടിക്കു വേണ്ടി വിതരണം നടത്തി. 15 വാർഡിലേയും വരവു ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കിയപ്പോൾ 4 വാർഡുകളിൽ നിന്ന് ലഭിച്ച വരവു ചെലവു പത്രികയിൽ നിന്ന് താഴെ ചേർത്തപ്രകാരം ബാക്കി തുക മടക്കി നൽകാനുള്ളതായി കാണുന്നു.

| വാർഡ് | നല്കിയ മുൻകൂർ | ചെലവുകളുടെ വിവരം | ബാക്കി തുക | അക്കൗണ്ട് നം. | ആർക്ക് നൽകി |
|---|---|---|---|---|---|
| 3 | 20000 | 9841 | 10159 രഞ്ജിത്ത് (എച്ച് ഐ) | 67067146435 | രഞ്ജിത്ത് |
| 6 | 20000 | 11000 | 9000 സിജി (എച്ച് ഐ) | 67067209930 | സിജി |
| 8 | 20000 | 14600 | 5400 മുംതാസ് (എച്ച് ഐ) | 67067214066 | മുംതാസ് |

| | | | | | |
|---|---|---|---|---|---|
| 11 | 20000 | 15000 | 5000 മുംതാസ് (എച്ച് ഐ) ആകെ-29559 | 67067269854 | മുംതാസ് |

ബാക്കി തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 29559 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 പാലിയേറ്റിവ് കെയർ ചെലവിനാധാരമായ ബില്ലുകളുടെ കുറവ് - 17100 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. )
പ്രൊജക്ട് നം. 4/23
അടങ്കൽ - 8 ലക്ഷം
വികസന ഫണ്ട് 7 ലക്ഷം
ജില്ലാ പഞ്ചായത്ത് വിഹിതം 1 ലക്ഷം
ആകെ ചെലവ് - 762829

ഈ പ്രൊജക്ടിൽ 5-7-22 തിയ്യതിയിലെ നം.1 ട്രഷറി ബില്ലിൽ പാലിയേറ്റീവ് രോഗികളുടെ ഹോം കെയർ വിസിറ്റ് വാഹന വാടക, റിഫ്രഷ്മെന്റ് എന്നിവയുടെ ബില്ലുകളാണ് ചെലവിനാധാരമായ രേഖകളായി സമർപ്പിച്ചിരുന്നത്. 4/22, 5/22 എന്നീ മാസങ്ങളിൽ മേൽ പറഞ്ഞ ആവശ്യങ്ങൾക്കായി 64650 രൂപ ചെലവ് നടത്തിയിരുന്നു. എന്നാൽ ചെലവിനാധാരമായി, ഹാജരാക്കിയ ബില്ലുകളുടെ ആകെ തുക 47550 രൂപ മാത്രമാണ്. പരിശോധനക്കു സമർപ്പിച്ച ബില്ലുകളിൽ 17100 രൂപയുടെ ബില്ലുകൾ ഹാജരാക്കിയിരുന്നില്ല. ആയതിനാൽ 17100 രൂപയുടെ ചെലവ് (64650-47550=17100) രേഖകളുടെ അഭാവത്തിൽ തടസപ്പെടുത്തുന്നു. വിശദാംശങ്ങൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.
(ഓ.എൻക്വയറി നം.13/13-11-22)

## 1-30 കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണം – വെറ്ററിനറി സർജൻ
പ്രൊജക്റ്റ് നമ്പർ – 109/22-23–പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി
അടങ്കൽ – 7,50,000/-
ചെലവ് – 3,75,000/-
ബിൽ നമ്പർ –149/22-23 തിയ്യതി 13-1-23-3,75,000

ഈ പദ്ധതിക്കായി 30 ഗുണഭോക്താക്കൾക്കായി 12,500 രൂപ നിരക്കിൽ (സംസ്ഥാന വിഹിതം 25 ശതമാനം) ആകെ 3,75,000/- രൂപ എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്. പെരുവല്ലൂർ മിൽക്ക് സൊസൈറ്റി മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്.

